II ഇ.ബി. XIV - കേരള നിയമസഭ/XVIII-7

**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2020 ഫെബ്രുവരി 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

16 (*181) കേരള ബാങ്കിന് അന്യസംസ്ഥാന ശാഖകൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, 1969-ലെ കേരള സഹകരണ സംഘം നിയമം അനുശാസിച്ച് പ്രവർത്തിച്ചുവരുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്ന വിഷയം ഭാവിയിൽ പരിഗണിക്കുന്നതാണെന്നും നിയമാനുസൃതമുള്ള ശ്രമങ്ങൾ അതിനായി നടത്തുന്നതാണെന്നും സഭയെ അറിയിച്ചു. കേരള ബാങ്ക് രൂപീകരണത്തിന് നബാർഡ് മുഖേനയാണ്

റിസർവ് ബാങ്കിന്റെ അനുമതി വാങ്ങിയിട്ടുള്ളതെന്നും ലയന പ്രക്രിയ നടക്കുന്ന ഘട്ടത്തിലുണ്ടാകാവുന്ന സാധാരണ പ്രശ്നങ്ങൾ മാത്രമാണ് നിലനിൽക്കുന്നതെന്നും സംസ്ഥാനത്തൊട്ടാകെയുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ നിക്ഷേപം കേരള ബാങ്കിൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. 13 ജില്ലാ സഹകരണ ബാങ്കുകളുടെയും എസ്.എൽ.ആർ./സി.ആർ.ആർ. ഏകീകരിച്ചിട്ടുണ്ടെന്നും കോർബാങ്കിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നതായും ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് ചർച്ച നടന്നുവരുന്നുണ്ടെന്നും 2020 ജനുവരി 20-ന് കേരള ബാങ്കിന്റെ പ്രഥമ ജനറൽ ബോഡി യോഗം ചേർന്ന് ബൈലോ ഭേദഗതി, ദർശന രേഖ, മൂന്ന് വർഷക്കാലത്തെ ബിസിനസ് പ്ലാൻ എന്നിവ അംഗീകരിക്കുകയുണ്ടായെന്നും തകർച്ചയിലേയ്ക്ക് പോകുന്ന ബാങ്കുകളിലെ നിക്ഷേപം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും കേരള ബാങ്കിന്റെ എല്ലാവിധ സാമ്പത്തിക പിന്തുണയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു.

17 (*182) <u>ക്രൂസ് ടൂറിസത്തിന്റെ വികസനം</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പുഴകളിലൂടെ യാത്ര ചെയ്ത് തദ്ദേശീയമായ കലാരൂപങ്ങൾ, പൈതൃകവും ചരിത്രപരവുമായ അവശേഷിപ്പുകൾ, ഭക്ഷണ രീതികൾ എന്നിവ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാനും അനുഭവിച്ചറിയുവാനുമുള്ള അവസരമൊരുക്കുന്നതിനുവേണ്ടിയാണ് ക്രൂസ് ടൂറിസം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്നും 325 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ മാഹിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണം പുഴ, വലിയ പറമ്പ കായൽ എന്നിവിടങ്ങളിൽ നടപ്പാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 17 പദ്ധതികൾക്കായി 53.07 കോടി രൂപ അനുവദിച്ച് പ്രവൃത്തി ആരംഭിക്കുകയും റൂറൽ സർക്യൂട്ട് പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ 80.37 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയും കൊച്ചി വെല്ലിംഗ്ടൺ ഐലന്റിനോട് ചേർന്ന് ക്രൂസ് ടൂറിസം ഫെസിലിറ്റേഷൻ സെന്ററും പെർഫോർമിംഗ് ആർട്സ് തിയേറ്ററുകളും നിർമ്മിക്കുന്നതിനായി

4.84 കോടി രൂപ അനുവദിച്ച് പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മലനാട്-മലബാർ റിവർ ക്രൂസ് പദ്ധതിക്ക് പുറമെ ഉത്തര മലബാറിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായി തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്, ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി, കോഴിക്കോട് ബീച്ച്, ലൈറ്റ് ആന്റ് സൗണ്ട് ഷോ ബേക്കൽ ഫോർട്ട്, കോഴിക്കോട് മിഠായി തെരുവിന്റെ സൗന്ദര്യവൽക്കരണം, കാരാപ്പുഴ ഡാം, പൂക്കോട് തടാകം നവീകരണം എന്നിവ തയ്യാറാക്കിയിട്ടുണ്ടെന്നും ചാമ്പ്യൻസ് ബോട്ട് ലീഗ് ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രചരിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടെന്നും പ്രസ്തുത മത്സരം ഈ വർഷം സംഘടിപ്പിക്കുന്നതിനായി നടപടികൾ പുരോഗമിക്കുകയാണെന്നും ഹൗസ് ബോട്ടുകളുടെ ലൈസൻസ് സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. വിനോദ സഞ്ചാര മേഖലയിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി ഷോർട്ട് ടേം കോഴ്സുകളിലൂടെ ജീവനക്കാർക്കും യുവതീയുവാക്കൾക്കും പരിശീലനം നൽകിവരുന്നുണ്ടെന്നും ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനമാരംഭിച്ചശേഷം ഏകദേശം 17000 യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനും 31432 പേർക്ക് നേരിട്ടും 61548 പേർക്ക്

പരോക്ഷമായും തൊഴിൽ കൊടുക്കാനും അതുവഴി 24 കോടി രൂപയുടെ വരുമാനം തദ്ദേശീയർക്ക് ലഭ്യമാക്കാനും സാധിച്ചിട്ടുണ്ടെന്നും ഭാരതപ്പുഴ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആവിഷ്കരിക്കുന്ന കാര്യവും പത്തനംതിട്ട ജില്ലയിലെ പൈതൃക ടൂറിസം പദ്ധതി ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമാക്കി നടപ്പാക്കുന്നത് സംബന്ധിച്ചും ആലോചിക്കുന്നതാണെന്നും ശാസ്താംപാറയിൽ അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. അനധികൃതമായി പ്രവർത്തിക്കുന്ന ഹൗസ്ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി അറിയിച്ചു.

18 (*183) <u>ക്വാറികളുടെ പ്രവർത്തനം</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ എന്നിവർ നടത്തിയ പഠനത്തിൽനിന്നും കുന്നിന്റെ ചെരിവ്,

തുടർച്ചയായി പെയ്യുന്ന മഴയുടെ അളവ്, മേൽമണ്ണിന്റെ കനം, കുന്നിൽ നിർമ്മിച്ചിട്ടുള്ള മഴക്കുഴികൾ, മണ്ണിന്റെ ഘടന എന്നിവ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കാരണമാകുന്നുണ്ടെന്നും ക്വാറികളുടെ പ്രവർത്തനം കൊണ്ടുമാത്രം പ്രകൃതിദുരന്തങ്ങളുണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ലെന്നും സഭയെ അറിയിച്ചു. പരിസ്ഥിതിലോല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ട വില്ലേജുകളിൽ ക്വാറി പ്രവർത്തനത്തിന് അനുമതി നൽകാറില്ലെന്നും എന്നാൽ പ്രസ്തുത വിജ്ഞാപനം വരുന്നതിന് മുമ്പ് നിലനിന്നിരുന്ന ക്വാറികളുടെ പ്രവർത്തനം കേന്ദ്രസർക്കാരിന്റെ സർക്കുലർ പ്രകാരം 2018-ൽ നിർത്തലാക്കിയെന്നും നിലവിൽ ഖനനാനുമതി നൽകുന്നതിന് സംസ്ഥാന എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയുടെ അനുമതി നിർബന്ധമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അനധികൃത ഖനനം നടത്തുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ, പോലീസ് വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഖനനം നടത്തുമ്പോഴുണ്ടാകുന്ന

പ്രകമ്പനം കുറയ്ക്കുന്നതിനായി നോൺ ഇലക്ട്രിക്കൽ ഡിറ്റണേറ്റർ സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന നിബന്ധന പാരിസ്ഥിതികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പാറയുടെ വില ഏകീകരിക്കൽ പ്രായോഗികമല്ലെന്നും കരിങ്കല്ലിന് അമിതവില ഈടാക്കുന്നത് തടയുന്നതിനായി വിലനിശ്ചയിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2259 മുതൽ 2592 വരെയുള്ള ചോദ്യങ്ങളിൽ 79 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)